بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 09.11.18 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*09.11.18 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**നൂറ്റിമുപ്പത് വർഷങ്ങൾ പിന്നിട്ടിട്ടും അല്ലാഹു ഈ ജമാഅത്തിൽ ദീനിനുവേണ്ടി തങ്ങളുടെ കഴിവനുസരിച്ച്, പലപ്പോഴും തങ്ങളുടെ കഴിവിനും പ്രാപ്തിക്കും അതീതമായി ത്യാഗങ്ങൾ ചെയ്യുന്നവരും അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞ നിലവാരത്തിലെത്തിക്കൊണ്ട് അവന്റെ വാഗ്ദാനങ്ങളിൽ പങ്കാളികളാവുകയും ചെയ്യുന്ന തരത്തിലുള്ള ത്യാഗം ചെയ്യുന്ന ആത്മാർത്ഥരായ ആളുകളെ നൽകിക്കൊണ്ടിരിക്കുന്നു.**

**തഹ്രീകെ ജദീദിന്റെ അനുഗ്രഹീതമായ നവവർഷ വിളംബരവും ലോകമെമ്പാടുമുള്ള ജമാഅത്തുകളിൽ നിന്നുള്ള സാമ്പത്തിക ത്യാഗങ്ങളുടെ വിശ്വാസ വർദ്ധകവും മനസ്സുരുക്കുന്നതുമായ സംഭവങ്ങളുടെ ഹൃദയഹാരിയായ വിവരണങ്ങൾ.**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝٢ اَلرَّحْمٰنِ الرَّحِيْمِ ۝٣ مٰلِكِ يَوْمِ الدِّيْنِ ۝٤ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝٥

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝٦ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝٧

തശഹുദും തഅവ്വുദും സൂറ:ഫാത്തിഹയും ഓതിയതിനുശേഷം ഹുസൂർ അയ്യദഹുല്ലാഹു താഴെപ്പറയുന്ന ആയത്തുകൾ തിലാവത്തു ചെയ്തു.

مَثَلُ الَّذِيْنَ يُنْفِقُوْنَ اَمْوَالَهُمْ فِيْ سَبِيْلِ اللّٰهِ كَمَثَلِ حَبَّةٍ اَنْۢبَتَتْ سَبْعَ سَنَابِلَ فِيْ كُلِّ سُنْۢبُلَةٍ مِّائَةُ حَبَّةٍ ؕ وَاللّٰهُ يُضٰعِفُ لِمَنْ يَّشَآءُ ؕ وَاللّٰهُ وَاسِعٌ عَلِيْمٌ ۝٢٦٢ اَلَّذِيْنَ يُنْفِقُوْنَ اَمْوَالَهُمْ فِيْ سَبِيْلِ اللّٰهِ ثُمَّ لَا يُتْبِعُوْنَ مَآ اَنْفَقُوْا مَنًّا وَّلَآ اَذًى ۙ لَّهُمْ اَجْرُهُمْ عِنْدَ رَبِّهِمْ ۚ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُوْنَ ۝٢٦٣

(അൽബഖറ:262–263)

وَمَثَلُ الَّذِيْنَ يُنْفِقُوْنَ اَمْوَالَهُمُ ابْتِغَآءَ مَرْضَاتِ اللّٰهِ وَتَثْبِيْتًا مِّنْ اَنْفُسِهِمْ كَمَثَلِ جَنَّةٍۢ بِرَبْوَةٍ اَصَابَهَا وَابِلٌ فَاٰتَتْ اُكُلَهَا ضِعْفَيْنِ ۚ فَاِنْ لَّمْ يُصِبْهَا وَابِلٌ فَطَلٌّ ؕ وَاللّٰهُ بِمَا تَعْمَلُوْنَ بَصِيْرٌ ۝٢٦٦

(അൽബഖറ:266)

اَلشَّيْطٰنُ يَعِدُكُمُ الْفَقْرَ وَيَاْمُرُكُمْ بِالْفَحْشَآءِ ۚ وَاللّٰهُ يَعِدُكُمْ مَّغْفِرَةً مِّنْهُ وَفَضْلًا ؕ وَاللّٰهُ وَاسِعٌ عَلِيْمٌ ۝٢٦٩

(അൽബഖറ:269).

لَيْسَ عَلَيْكَ هُدٰىهُمْ وَلٰكِنَّ اللّٰهَ يَهْدِيْ مَنْ يَّشَآءُ ؕ وَمَا تُنْفِقُوْا مِنْ خَيْرٍ فَلِاَنْفُسِكُمْ ؕ وَمَا تُنْفِقُوْنَ اِلَّا ابْتِغَآءَ وَجْهِ اللّٰهِ ؕ وَمَا تُنْفِقُوْا مِنْ خَيْرٍ يُّوَفَّ اِلَيْكُمْ وَاَنْتُمْ لَا تُظْلَمُوْنَ ۝٢٧٣

(അൽബഖറ:273)

اَلَّذِيْنَ يُنْفِقُوْنَ اَمْوَالَهُمْ بِالَّيْلِ وَالنَّهَارِ سِرًّا وَّ عَلَانِيَةً فَلَهُمْ اَجْرُهُمْ عِنْدَ رَبِّهِمْ ۚ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُوْنَ ۝٢٧٥

(അൽബഖറ:275)

ഹുസൂർ പറഞ്ഞു;ഞാനിപ്പോൾ ഓതിയ ആയത്തുകൾ സൂറ: ബഖറയിലെ ആയത്തുകളാണ്. അതിൽ സാമ്പത്തികത്യാഗങ്ങളുടെ പരാമർശമാണ്. ത്യാഗങ്ങളുമായി ബന്ധപ്പെട്ട തുടർച്ചയായ ഒരു പരാമർശമാണ് അല്ലാഹു ഇതിലൂടെ നല്കിയിരിക്കുന്നത്.അവയുടെ അർത്ഥമിതാണ്; അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനം ചെവലവുചെയ്യുന്നവരുടെ ഉപമ ഒരു ധാന്യമണിയുടേതു പോലെയാകുന്നു. അത് ഏഴു കതിരുകളെ ഉത്പാദിപ്പിച്ചു. ഓരോ കതിരിലും നൂറു മണി വീതമുണ്ട്. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ ഇതിനേക്കാൾ ഇരട്ടിയായി നൽകുന്നതാണ്. അല്ലാഹു വിശാലത നൽകുന്നവനും സർവ്വജ്ഞനുമാകുന്നു.

പിന്നെ അടുത്ത ആയത്തിൽ പറഞ്ഞു; അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തങ്ങളുടെ ധനം ചെലവു ചെയ്യുകയും പിന്നീട് അതിനെതുടർന്ന് തങ്ങൾ ചെലവു ചെയതത് ഔദാര്യമായി എടുത്തു പറയാതിരിക്കുകയും അവരുടെ മനസ്സ് വേദനിപ്പിക്കാതിരിക്കുകയും ചെയ്യുന്നവർക്ക് അവരുടെ നാഥന്റെ പക്കൽ അവരുടെ പ്രതിഫലം ഉണ്ട്. അവർക്ക് യാതൊരുവിധ ഭയവും ഉണ്ടായിരിക്കുകയില്ല, അവർ ദു:ഖിക്കുന്നവരുമല്ല.

പിന്നിട് പറയുന്നു; അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചും തങ്ങളുടെ ആത്മാക്കളെ ദൃഢപ്പെടുത്തിയുംകൊണ്ട് തങ്ങളുടെ ധനം ചെലവുചെയ്യുന്നവരുടെ നില പീഠഭൂമിയിലുള്ള ഒരു തോട്ടത്തിൻേതു പോലെയാണ്. അതിന് കനത്ത മഴ കിട്ടി.അങ്ങിനെ അത് അതിന്റെ ഫലം ഇരട്ടിയായി നൽകി. ഇനി അതിന് സമൃദ്ധമായ മഴ ലഭിച്ചില്ലെങ്കിൽ (തന്നെയും) ലഘുവായ മഴയായാലും (അതിനു മതിയാവും). അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നത് നല്ലപോലെ കണ്ടുകൊണ്ടിരിക്കുന്നവനാണ്.

ശേഷം അടുത്ത ആയത്തിൽ പറയുന്നു; ശൈത്വാൻ നിങ്ങളെ ദാരിദ്ര്യത്തെക്കുറിച്ച് ഭീഷണിപ്പെടുത്തുകയും നീചകൃ

ത്യങ്ങൾക്കു നിങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അല്ലാഹു ഔദാര്യത്തിൽ വളരെ വിശാലതുള്ളവനും ഏല്ലാം നല്ലവണ്ണം അറിയുന്നവനുമാകുന്നു.

പിന്നീട് അല്ലാഹു പറയുന്നു; അവരെ നേർമാർഗ്ഗത്തിലാക്കുകയെന്നത് നിന്റെ ചുമതലയല്ല. എന്നാൽ അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ നേർവഴിയേ നടത്തുന്നു. ഏതൊരു നല്ലമുതൽ (അല്ലാഹുവിന്റെ മാർഗ്ഗത്തിൽ) നിങ്ങൾ ചെലവഴിക്കുന്നുവോ അതിന്റെ ഫലം നിങ്ങൾക്കു തന്നെയായിരിക്കും. അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുംകൊണ്ടല്ലാതെ നിങ്ങൾ ചെലവഴിക്കുന്നില്ലല്ലോ. ഏതൊരു നല്ല ധനം നിങ്ങൾ ചെലവഴിക്കുന്നുവോ അത്(അതിനുള്ള പ്രതിഫലം) നിങ്ങൾക്കു തന്നെയാണ്(ലഭിക്കുക).നിങ്ങളോട് അനീതി ചെയ്യപ്പെടുകയുമില്ല.

പിന്നെ പറഞ്ഞു; രഹസ്യമായും പരസ്യമായും (അല്ലാഹുവിന്റെ മാർഗത്തിൽ)രാവും പകലും തങ്ങളുടെ ധനം ചെലവുചെയ്യുന്നവർ,അവർക്ക് അവന്റെ നാഥന്റെയടുക്കൽ അവരുടെ പ്രതിഫലം ഉണ്ട്. അവർക്ക് യാതൊരു ഭയവും ഉണ്ടായിരിക്കുകയില്ല. അവർ ദു:ഖിതരാവുകയുമില്ല.

ഹുസൂർ പറഞ്ഞു; ഹദ്റത്ത് മസീഹ് മൗഊദ്(അ) സാമ്പത്തിക ത്യാഗങ്ങളെക്കുറിച്ചു പരാമർശിച്ചുകൊണ്ട് ഒരവസരത്തിൽ പറയുന്നു; അല്ലാഹുവിന്റെ മാർഗത്തിൽ ചെലവു ചെയ്യുക എന്ന് ഞാൻ വീണ്ടും വീണ്ടും ഊന്നിപ്പറയുന്നത് അല്ലാഹുവിന്റെ കല്പനയോടെയാണ്. ഇസ്ലാം മറ്റു മതങ്ങൾക്ക് ഇരയായിക്കൊണ്ടിരിക്കുകയാണ്. ഇസ്ലാമിന്റെ നാമം പോലും തുടച്ചുനീക്കണമെന്ന് അവർ ആഗ്രഹിക്കുന്നു. ഇങ്ങിനെയൊരവസ്ഥയിൽ ഇസ്ലാമിന്റെ പുരോഗതിക്കു വേണ്ടി നാം മുന്നിട്ടിറങ്ങേണ്ടേ. ഈയൊരു ഉദ്ദേശ്യത്തിനായിട്ടാണ് അല്ലാഹു ഈ ജമാഅത്ത് സ്ഥാപിച്ചിരിക്കുന്നത്. അതുകൊണ്ട് അതിന്റെ പുരോഗതിക്കുവേണ്ടി പരിശ്രമിക്കുക എന്നത് അല്ലാഹുവിന്റെ കല്പനകളും ഇംഗിതങ്ങളും പ്രാവർത്തികമാക്കലാണ്. അല്ലാഹുവിനു വേണ്ടി നൽകുന്നവന് ഏതാനും മടങ്ങ് അനുഗ്രഹങ്ങൾ വർദ്ധിപ്പിച്ചു നൽകുന്നതാണ് എന്നുള്ള വാഗ്ദാനവും അല്ലാഹുവിന്റേതാണ്. ഈ ലോകത്തു വച്ചും കുറേ ലഭിക്കുന്നതാണ്. മരണാനന്തരം പരലോകത്ത് അതിനുള്ള പ്രതിഫലവും കിട്ടുന്നതാണ്. എത്രമാത്രം ആശ്വാസകരമായിരിക്കുമത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു; നമ്മുടെ ജമാഅത്തിന്റെ വലിയൊരുഭാഗം പാവപ്പെട്ടവരുടേതാണ്. എങ്കിലും അല്ലാഹുവിന് നന്ദി. ദരിദ്രരുടെ ജമാഅത്തായിരുന്നിട്ടുകൂടി അവരിൽ സത്യസന്ധതയും സഹാനുഭൂതിയും ഉള്ളതായി നാം കാണുന്നു. ഇസ്ലാമിന്റെ ആവശ്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് കഴിവിന്റെ പരമാവധി ചെലവഴിക്കുന്നതിൽ ഒരു വ്യത്യാസവും വരുത്തുന്നില്ല.

ഹുസൂർ പറഞ്ഞു; നൂറ്റിമുപ്പത് വർഷങ്ങൾക്കു മുൻപ് സ്ഥാപിതമായ ജമാഅത്താണ്. നൂറ്റിമുപ്പത് വർഷം പിന്നിട്ടു കഴിഞ്ഞ് ഇന്നും അല്ലാഹു ദീനിനുവേണ്ടി തങ്ങളുടെ കഴിവനുസരിച്ച്, പലപ്പോഴും തങ്ങളുടെ കഴിവിനും പ്രാപ്തിക്കുമതീതമായി ത്യാഗങ്ങൾ ചെയ്യുന്നവരായ ആത്മാർത്ഥരായ ആളുകളെ നൽകിക്കൊണ്ടിരിക്കുന്നു. അവർ അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞിട്ടുള്ള നിലവാരിത്തിലെത്തി അവന്റെ വാഗ്ദാനങ്ങളിൽ പങ്കാളികളായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇന്ന് ഈ നിലവാരം ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന അല്ലാഹുവിനാൽ സ്ഥാപിതമായ ഈ ജമാഅത്തിൽ മാത്രമേ കാണാൻ കഴിയുകയുള്ളൂ. ഹുസൂർ പറഞ്ഞു; അതിന്റെ ഏതാനും ഉദാഹരണങ്ങൾ ഞാൻ അവതരിപ്പിക്കുകയാണ്. ദീനിന് ദുനിയാവിനേക്കാൾ മുൻഗണന നൽകുന്നതാണ് എന്ന പ്രതിജ്ഞ നിറവേറ്റിക്കൊണ്ട് തങ്ങളുടെ ധനം സമർപ്പിക്കാൻ എല്ലായിപ്പോഴും തയ്യാറായിനിൽക്കുന്നവരായ, ലോകത്തെ വിവധ രാജ്യങ്ങളിലായി വ്യാപിച്ചിരിക്കുന്ന ആളുകളുടേതാണ് ഈ സംഭവങ്ങൾ.

ഇന്ത്യയിൽ നിന്നും തഹ്രീകെജദീദ് ഇൻസ്പെക്ടർ ശിഹാബ് സാഹിബ് എഴുതുന്നു; ജമാഅത്ത് അഹ്മദിയ്യാ ചിൻതകുണ്ഡയിലെ ഒരു പെൺകുട്ടി സൗഫിയ ബേഗം തന്റെ സഹോദരന്റെ കയ്യിൽ സന്ദേശമയക്കുകയുണ്ടായി, അതായത് ഞാൻ ചെറുതായിരുന്നപ്പോൾ ഉമ്മയോടൊപ്പം ജലസകളിൽ പോകുമായിരുന്നു. പണ്ഢിതൻമാരുടെ പ്രസംഗങ്ങളിൽ കേൾക്കാറുണ്ടായിരുന്നു, ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) തഹ്രീകെ ജദീദിനു അടിത്തറയിട്ടപ്പോൾ അതിലേക്കു വേണ്ടി സാമ്പത്തിക ത്യാഗത്തിനായി ആഹ്വാനം ചെയ്തപ്പോൾ നിരവധി സ്ത്രീകൾ ഹുസൂറിന്റെ സമക്ഷത്തിൽ തങ്ങളുടെ ആഭരണങ്ങൾ സമർപ്പിക്കുകയുണ്ടായി. വിശ്വാസദൃഢീകരണത്തിന്റെ ഈ സംഭവം കേൾക്കുമ്പോൾ, എന്റെ കയ്യിലും ആഭരണങ്ങളുണ്ടായിരുന്നെങ്കിൽ ഞാനും അത് തഹ്രീകെ ജദീദീലേക്കായി നൽകുമായിരുന്നു എന്ന ഒരാഗ്രഹം എന്റെ മനസ്സിലുണ്ടായി. എന്നാൽ ദാരിദ്ര്യം കാരണം എന്നെ സംബന്ധിച്ചിടത്തോളം ഇത് അസാധ്യമായിരുന്നു. എന്നാൽ ഇപ്പോൾ എനിക്ക് എന്റെ മാതാവിന്റെ മരണശേഷം അവകാശമായി രണ്ടു തോല സ്വർണ്ണം ലഭിച്ചിരിക്കുന്നു അത് ഞാൻ സമർപ്പിക്കുകയാണ്. ഹുസൂർ പറഞ്ഞു; ഞാൻ ഇക്കഴിഞ്ഞ ജുമുആയിൽ അമേരിക്കയിൽ വച്ചും പറഞ്ഞിരുന്നു, മിക്കപ്പോഴും പറയാറുമുണ്ട് അതായത് പാവപ്പെട്ടവർ സാമ്പത്തികത്യാഗം ചെയ്തുകൊണ്ടിരിക്കുന്നു എന്നാൽ ധനികരായ, നല്ല നിലയിലുള്ള ആളുകൾ അവരുടെ അവസ്ഥയിലേക്ക് കണ്ണോടിക്കേണ്ടതാണ്. അവരുടെ ധനത്യാഗത്തിന്റെ നിലവാരം അല്ലാഹു പറഞ്ഞ സ്വീകാര്യപ്രദമായ ആ നിലവാരത്തിലുള്ളതാണോ.

ഇന്ത്യയിൽ നിന്നു തന്നെ കർണാടക സംസ്ഥാനത്തിലെ ഒരു തഹ്രീകെ ജദീദ് ഇൻസ്പെക്ടർ എഴുതുന്നു; ഒരു സഹോദരന് രണ്ടായിരത്തി അഞ്ഞൂറു രൂപ തഹ്രീകെ ജദീദ് ചന്ദ നൽകാനുണ്ടായിരുന്നു. അദ്ദേഹത്തോട് തഹ്രീകെ ജദീദിന്റെ വർഷം അവസാനിക്കാൻ ഇനി ദിവസങ്ങളേ ബാക്കിയുള്ളൂ എന്നു പറഞ്ഞു അടക്കാനായി ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു മഴയായ കാരണത്താൽ കഴിഞ്ഞ മൂന്നുവർഷമായി ജോലി പൂർണ്ണമായും നിലച്ചിരിക്കുകയാണ് വരുമാനത്തിനുള്ള യാതൊരു പ്രതീക്ഷയും കാണുന്നില്ല. പറയുന്നു അപ്പോൾ ഞാൻ അദ്ദേഹത്തോട് പറഞ്ഞു, അടച്ചുതീർക്കുമെന്ന ഉദ്ദേശ്യം മനസ്സിൽ വയ്ക്കുകയും ദുആ ചെയ്യുക

യും ചെയ്യുക. ഇതു പറഞ്ഞുകൊണ്ട് ഞാൻ അടുത്ത സ്ഥലത്തേക്കു പോയി. മറ്റു സ്ഥലങ്ങളിലെ പര്യടനത്തിനു ശേഷം വൈകുന്നേരം തിരിച്ചെത്തിയപ്പോൾ അദ്ദേഹം മിഷൻ ഹൗസിൽ വരികയും ചന്ദ നൽകുകയും ചെയ്തു. ഞാനദ്ദേഹത്തോടു ചോദിച്ചു ഇത്ര പെട്ടെന്ന് ഇതെങ്ങിനെ കിട്ടി.അദ്ദേഹം പറഞ്ഞു; ഇത് നിയ്യത്തിലുള്ള അനുഗ്രഹമാണ്. ചന്ദ കൊടുക്കുന്നതിന്റെ അനുഗ്രഹമാണ്. ഒരാൾ കുറച്ചു കാലമായി എനിക്കു കുറച്ചു പൈസ തരുവാനുണ്ടായിരുന്നു. ഞാൻ മാസങ്ങളായി അതിനുവേണ്ടി കറങ്ങിക്കൊണ്ടിരിക്കുകയായിരുന്നു. അയാൾ തരുമായിരുന്നില്ല. എന്നാൽ ഇന്ന് പെട്ടെന്ന് അദ്ദേഹം വീട്ടിൽ വരികയും എന്റെ പണം തിരികെ നൽകുകയും ചെയ്തു.

ബുർക്കിനാഫാസോയിൽ നിന്നും മുബല്ലിഗ് മുനീർ സാഹിബ് എഴുതുന്നു.പീക്കോ ജമാഅത്തിലെ ഒരു മുഖ്‌ലിസ് ആയ അഹ്മദി അൽഹാജ് ഇബ്രാഹീമിന്റെ രണ്ടു മക്കൾ കുറച്ചു കാലമായി രോഗികളായിരുന്നു. നിരവധി ചികിത്സകൾ നടത്തി. എന്നാൽ ഒരുപുരോഗതിയും ഉണ്ടാകുമായിരുന്നില്ല. ഒരിക്കൽ നമ്മുടെ മുഅല്ലിം സാഹിബ് അദ്ദേഹത്തോട് സാമ്പത്തികത്യാഗത്തെക്കുറിച്ച് ഉദ്ബോധനം നടത്തി. അപ്പോൾ അദ്ദേഹം തന്റെ കഴിവനുസരിച്ച് ചന്ദ നൽകുകയും ദുആ ചെയ്യുകയും ചെയ്തു; അല്ലാഹുവേ നീ എന്റെ ത്യാഗത്തെ സ്വീകരിക്കുകയും എത്രയും പെട്ടെന്ന് എന്റെ മക്കൾക്ക് ആരോഗ്യം നൽകുകയും ചെയ്യേണമേ.പറയുന്നു കുറച്ചു ദിവസങ്ങൾക്കു ശേഷം തന്നെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആ കുട്ടികളുടെ അവസ്ഥ ഒരു പരിധിവരെ മെച്ചപ്പെടാൻ തുടങ്ങി. ഒരു കുട്ടി പൂർണ്ണമായും സുഖം പ്രാപിച്ചു. രണ്ടാമത്തെ കുട്ടിയിൽ നല്ല മാറ്റങ്ങളുണ്ട്. അല്ലാഹു ഈ ത്യാഗത്തെ സ്വീകരിച്ചിരിക്കുന്നു, അതിന്റെ അനുഗ്രഹത്താലാണ് ഇത് സംഭവിച്ചത് എന്ന് അവർക്ക് ദൃഢമായ വിശ്വാസമുണ്ട്.

ജർമ്മനിയിലെ തഹ്‌രീകെ ജദീദ് സെക്രട്ടറി എഴുതുന്നു; ബോക്കൺ ജമാഅത്തിലെ ഒരു സഹോദരൻ തഹ്‌രീകെ ജദീദിന്റെ ചന്ദയിൽ തൊള്ളായിരം യൂറോയുടെ വർദ്ധനവു വരുത്തി. ആ സഹോദരൻ പറയുകയാണ്,ഞാൻ വാഗ്ദാനം നൽകിയ ദിവസത്തിന്റെ പിറ്റേന്ന് ഞാൻ ജോലിസ്ഥലത്തു പോയപ്പോൾ ഉടമസ്ഥൻ പറയുകയുണ്ടായി നിന്റെ ശംബളത്തിൽ ഞാൻ നൂറു യൂറോ വർദ്ധിപ്പിച്ചിരിക്കുന്നു. ഫെബ്രുവരി മുതൽ ഒക്ടോബർ വരെയുള്ള കണക്കു നോക്കുമ്പോൾ മൊത്തം തൊള്ളായിരം യൂറോ ആണ്. ആ സഹോദരൻ പറയുകയാണ്,അല്ലാഹു തീർച്ചയായും അതിനുള്ള ഏർപ്പാടു ചെയ്യും എന്നെനിക്ക് ദൃഢബോധ്യമുണ്ടായിരുന്നു.എന്നാൽ ഇരുപത്തിനാലു മണിക്കൂർ കഴിയുന്നതിനു മുൻപു തന്നെ അല്ലാഹു ഏർപ്പാടു ചെയ്യുമെന്ന് എനിക്കറിയില്ലായിരുന്നു.

ഐവറികോസ്റ്റിലെ മുബല്ലിഗ് എഴുതുന്നു; തഹ്‌രീകെ ജദീദ് ചന്ദയുമായി ബന്ധപ്പെട്ട് അവിടെയുള്ള ഒരു പുതിയ ജമാഅത്തിൽ പോയി. തഹ്‌രീകെ ജദീദിന്റെ പ്രാധാന്യത്തെക്കുറിച്ച് പ്രസംഗിച്ചു. എല്ലാവരും ഈ അനുഗ്രഹത്തിൽ ഭാഗഭാക്കാകണമെന്ന് ഖലീഫത്തുൽ മസീഹ് പറഞ്ഞിട്ടുണ്ട് എന്നുകൂടി പറഞ്ഞു. അടുത്ത ദിവസം ഫജർ നമസ്കാരത്തിനു ശേഷം ജമാഅത്തംഗങ്ങൾ അവരവരുടെ കഴിവനുസരിച്ചുള്ള ചന്ദ നൽകാൻ തുടങ്ങി. പള്ളി ഇമാമും ഈ സൽകാര്യത്തിൽ ഭാഗഭാക്കായി, തന്റെ കുടുംബത്തിന്റെ ഭാഗത്തു നിന്നുള്ള തഹ്‌രീകെജദീദ് ചന്ദയും നൽകി. അതിനുശേഷം അദ്ദേഹത്തിന്റെ ആറു വയസ്സുള്ള മകൻ പിതാവിന്റെ കയ്യിൽ നിന്നും നൂറു ഫ്രാങ്ക്സിഫ കൊണ്ടുവന്നിട്ടു പറഞ്ഞു, ഇതെന്റെ ചന്ദയാണ്. പറയുകയാണ് ഞങ്ങൾക്ക് ആ ചെറിയകുട്ടിയുടെ പെരുമാറ്റം കണ്ട് വലിയ സ്നേഹം തോന്നി. ഇളം പ്രായത്തിൽ തന്നെ സാമ്പത്തിക ത്യാഗത്തിനുള്ള എന്തു താല്പര്യമാണ്.അല്ലാഹു പുതിയതായി ബൈഅത്തു ചെയ്ത അവരുടെ ത്യാഗങ്ങളെ സ്വീകരിക്കുമാറാകട്ടെ. ദീനിലെയും ദുനിയാവിലേയും നൻമകൾ നൽകി അനുഗ്രഹിക്കട്ടെ.

ഇന്തോനേഷ്യയിലെ ഒരു വനിത വാർദി സാഹിബ എഴുതുന്നു; കഴിഞ്ഞ റമളാനിൽ ഞങ്ങളുടെ കുടുംബം ഒരു പ്രയാസത്തിൽ അകപ്പെട്ടിരിക്കുകയായിരുന്നു. എന്റെ ഭർതൃപിതാവ് രോഗിയായി അദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഒരു മാസത്തോളം ആശുപത്രിയിൽ ചികിത്സയിലായിരുന്നു. അതിനിടയിൽ അദ്ദേഹത്തിന്റ അവസ്ഥ ആശങ്കാജനകമായ നിലയിൽ മോശമായി ഐ.സി.യു വിൽ പ്രവേശിപ്പിക്കേണ്ടിവന്നു. രക്ഷപ്പെടുമെന്ന പ്രതീക്ഷ വളരെ കുറവായിരുന്നു. പിന്നീട് അവർക്ക് തഹ്‌രീകെ ജദീദിന്റെ അനുഗ്രഹങ്ങളെകുറിച്ചുള്ള എന്റെ ഖുത്ബ ഓർമ്മ വന്നു. വീട്ടിലുള്ളവരെല്ലാം ഒന്നിച്ചൊരു തീരുമാനമെടുത്തു, റമളാൻ മാസത്തിൽ തന്നെ തഹ്‌രീകെജദീദിന്റെ ചന്ദ നൂറു ശതമാനവും അടച്ചു തീർക്കുന്നതാണ്. എന്നിട്ട് നൂറു ശതമാനവും അടച്ചുതീർക്കുകയും ചെയ്തു. ദുആ ചെയ്യാനായി എനിക്കും എഴുതിയിരുന്നു. പറയുകയാണ്; അല്ലാഹുവിന്റെ അനുഗ്രഹത്താൽ ദുആയുടെ ഫലമായി, ത്യാഗത്തിന്റെ ഫലമായി എന്റെ ഭർതൃപിതാവിന്റെ നില നന്നായിത്തുടങ്ങി. കുറച്ചു ദിവസങ്ങൾക്കു ശേഷം ഡോക്ടർ അദ്ദേഹത്തിന് വീട്ടിൽപോകുവാനുള്ള അനുവാദം നൽകി.വീട്ടിലെത്തിക്കഴിഞ്ഞ് അയൽവാസികൾ അറിഞ്ഞപ്പോൾ അവർക്കു വളരെ അതിശയം തോന്നി ഇതെങ്ങിനെ സാധ്യമായി. ആശങ്കാജനകമായ അവസ്ഥയിൽ രോഗിയായി മരണത്തിന്റെ പടിവാതിൽക്കൽ നിന്നിരുന്ന ഒരു മനുഷ്യൻ ശരായായി തിരിച്ചു വന്നിരിക്കുന്നു.

കോംഗൊ ബ്രാസ്വീലിലെ മുഅല്ലിം സാഹിബ് എഴുതുന്നു ഒരു സഹോദരൻ മുആവേലിയുടെ കുട്ടിക്ക് കൂറേ ദിവസങ്ങളായി അസുഖമായിരുന്നു. അദ്ദേഹത്തിന്റെയടുക്കൽ തഹ്‌രീകെ ജദീദ് ചന്ദയെക്കുറിച്ച് ഉണർത്താൻ വേണ്ടി പോയപ്പോൾ അദ്ദേഹം ചന്ദ നൽകുകയും ദുആ ചെയ്യുകയും ചെയ്തു; അല്ലാഹുവേ ഈ ചന്ദയുടെ അനുഗ്രഹം കൊണ്ട് നീ എന്റെ കുട്ടിക്ക് രോഗശമനം നൽകേണമേ. ആ സുഹൃത്ത് പറയുന്നു; കുറച്ചു ദിവസങ്ങൾക്കു ശേഷംതന്നെ എന്റെ കുട്ടിയുടെ ആരോഗ്യം വീണ്ടുകിട്ടി. ഞാൻ സ്വയം അതിശയപ്പെട്ടുപോയി അല്ലാഹു എങ്ങിനെയാണ് നമ്മുടെ ദുആ സ്വീകരിക്കുകയും നമ്മുടെ എളിയ ത്യാഗങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നത്.

കാനഡയിലെ ലജ്നയുടെ തഹ്‌രീകെ ജദീദ് സെക്രട്ടറി എഴുതുന്നു; ഒരു സഹോദരി പറഞ്ഞു; അവരുടെ ഭർത്താവ്

ആയിരം ഡോളർ തഹ്‌രീകെ ജദീദ് വാഗ്ദാനം എഴുതിച്ചിരുന്നു. എന്നാൽ കുറേ കാലമായി ജോലി ഇല്ലാതായി. അതുകൊണ്ട് ചന്ദ അടക്കാൻ സാധിച്ചില്ല.വർഷം തീരാൻ ഒരാഴ്ച ബാക്കിനിൽക്കെ മാൽ സെക്രട്ടറി ചന്ദ വാങ്ങുന്നതിനായി അവരുടെ വീട്ടിൽ വന്നു. അവരുടെ ഭർത്താവ് അകത്തേക്കു പോയി ഭാര്യയോടു പറഞ്ഞു എന്റെ കയ്യിലാണെങ്കിൽ ഒന്നുമില്ല ഇനി എന്തു ചെയ്യും. ഭാര്യ പറഞ്ഞു, അവരെ എന്തായാലും വെറുംകയ്യോടെ വിടാൻ കഴിയില്ല. അവരുടെ കയ്യിൽ ആയിരം ഡോളറിന്റെ കുറച്ചു സേവിങ് ഉണ്ടായിരുന്നു. അത് ചന്ദയായി നൽകി. അവർ പറയുന്നു ചന്ദയുടെ അനുഗ്രഹത്താൽ ആ ആഴ്ചയിൽ തന്നെ ഭർത്താവിന് മാസം ഏഴായിരം ഡോളറിന്റെ ഒരു ജോലി കിട്ടി.

ഹുസൂർ പറഞ്ഞു; അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ ഈ സംഭവങ്ങൾ വിവരിച്ച ശേഷം ഞാൻ തഹ്‌രീകെ ജദീദിന്റെ പുതുവർഷ വിളംബരം നടത്തുന്നതോടൊപ്പം കഴിഞ്ഞ വർഷത്തെ കുറച്ചു കണക്കുവിവരങ്ങളും പറയാം. ഈ വർഷം നവംബർ 1 മുതൽ തഹ്‌രീകെ ജദീദിന്റെ 85-ാംവർഷം ആരംഭിച്ചിരിക്കുകയാണ്. കഴിഞ്ഞ വർഷത്തെ ലഭിച്ച റിപ്പോർട്ടുകൾ അനുസരിച്ച് 12.79 മില്യണിൽ കൂടുതൽ പൗണ്ട് ത്യാഗം ചെയ്യാൻ ആത്മാർത്ഥരായ ആളുകൾക്ക് അല്ലാഹു തൗഫീഖ് നൽകുകയുണ്ടായി. അതായത് ഒരുകോടി ഇരുപത്തിയേഴ് ലക്ഷത്തി തൊണ്ണൂറ്റിമൂന്നായിരം പൗണ്ട്.ഇത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് രണ്ടുലക്ഷത്തി പന്ത്രണ്ടായിരം പൗണ്ട് കൂടുതലാണ്. ലോകത്തിന്റെ പ്രതികൂലമായ അവസ്ഥകളായിട്ടും കുറേയേറെ രാജ്യങ്ങളിലെ കറൻസി ഡീവാല്യൂ ആയിരുന്നിട്ടും അല്ലാഹു തൗഫീഖ് നൽകി.

ഹുസൂർ പറഞ്ഞു; മൊത്തത്തിലുള്ള വസൂലിയുടെ അടിസ്ഥാനത്തിൽ പാക്കിസ്ഥാൻ ഒന്നാം സ്ഥാനത്തുതന്നെയാണ് ആവാറുള്ളത്, അതുകഴിഞ്ഞാൽ പിന്നെ ഒന്നാം സ്ഥാനത്ത് ജർമ്മനി, രണ്ടാം സ്ഥാനം ബ്രിട്ടൺ, മൂന്നാം സ്ഥാനം അമേരിക്ക,നാലാം സ്ഥാനം കാനഡ, അഞ്ചാം സ്ഥാനത്ത് ഇന്ത്യ, ആറാം സ്ഥാനം ആസ്ട്രേലിയ, ഏഴാം സ്ഥാനത്ത് മിഡിൽഈസ്റ്റിലെ ഒരു ജമാഅത്ത്, എട്ടാം സ്ഥാനം ഇന്തോനേഷ്യ, ഒൻപതാം സ്ഥാനം ഘാന, പത്താം സ്ഥാനത്ത് മിഡിൽ ഈസ്റ്റിലെതന്നെ ഒരു രാജ്യമാണ്.

ദഫ്ത്തർ അവ്വലിന്റെ എക്കൗണ്ടും അല്ലാഹുവിന്റെ അനുഗ്രഹത്താൽ നടന്നുകൊണ്ടിരിക്കുന്നു. അയ്യായിരത്തി തൊള്ളായിരത്തി ഇരുപത്തിയേഴ് ആണ്.

ത്യാഗത്തിന്റെ അടിസ്ഥാനത്തിലുള്ള ഇന്ത്യയിലെ പത്ത് ജമാഅത്തുകൾ; ഖാദിയാൻ-പഞ്ചാബ്, ഹൈദരാബാദ്-തെലുങ്കാനാ, പത്തപ്പിരിയം-കേരളം, ചെന്നൈ-തമിഴ്നാട്, കോഴിക്കോട്-കേരളം, ബാംഗ്ലൂർ-കർണ്ണാടക, കൊൽക്കത്ത-ബംഗാൾ, പഴയങ്ങാടി-കേരളം, കണ്ണൂർടൗൺ-കേരളം, യാദ്ഗീർ-കർണ്ണാടക. ത്യാഗങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഒന്നാംസ്ഥാനത്ത് കേരളമാണ്. പിന്നെ കർണ്ണാടക,തമിഴ്നാട്,തെലുങ്കാന,ജമ്മുകശ്മീർ,ഒഡിഷ,പഞ്ചാബ്,ബംഗാൾ,പിന്നെ ഡൽഹി,മഹാരാഷ്ട്ര.

അല്ലാഹു ഈ ത്യാഗം ചെയ്ത എല്ലാവർക്കും അവരുടെ സ്വത്തിലും ജീവനിലും അളവറ്റ അനുഗ്രഹം ചൊരിയുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُوْمِنُ بِهِ وَنَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهُ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ- عِبَادَاللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 09.11.18
Malayalam Translation : **Moulvi Najmuddin,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516